"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - 2022-23 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടിക്കൂലി, കേരള ബുക്ക്സ് & പബ്ലിക്കേഷൻ സൊസൈറ്റി (കെ.ബി.പി.എസ്) - ക്ക് അനുവദിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.1252/2026/GEDN തീയതി,തിരുവനന്തപുരം, 12-02-2026

---

പരാമർശം:-
1. 15.10.2021 - ലെ സ.ഉ(സാധാ) നം.4622/2021/പൊ.വി.വ
2. 25.07.2025 - ലെ സ.ഉ (സാധാ) നം. 4868/2025/പൊ.വി.വ
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28.09.2025 - ലെ കത്ത് നമ്പർ. ടി.ബി.ഒ/19/2023 - സി

**ഉത്തരവ്**

2022-23 അദ്ധ്യയന വർഷത്തെ 1 മുതൽ 10 വരെ ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തക അച്ചടി , വിതരണം എന്നിവ നടത്തുന്നതിനും പാഠപുസ്തകങ്ങളുടെ അച്ചടിക്കാവശ്യമായ പേപ്പറും മറ്റ് അനുബന്ധ സാമഗ്രികളും M/s Tamilnadu Newsprint & Papers Limited എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങി പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയാക്കി വിതരണം ചെയ്യുന്നതിനും കെ.ബി.പി.എസ് - നെ ചുമതലപ്പെടുത്തി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

(2) 2022-23 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടിക്കൂലിയിനത്തിൽ 20-12-2022 തീയതിയിലെ ഇൻവോയിസ് നമ്പർ. 7753 പ്രകാരം ഒന്നാം വാല്യം 8,98,91,065/- രൂപയുടേയും 23-01-2023 തീയതിയിലെ ഇൻവോയിസ് നമ്പർ. 7866 പ്രകാരം രണ്ടാം വാല്യം 6,48,71,292/- രൂപയുടേയും 23-01-2023 തീയതിയിലെ ഇൻവോയിസ് നമ്പർ. 7867 പ്രകാരം മൂന്നാം വാല്യം 63,38,706/- രൂപയുടേയും ഇൻവോയിസുകൾ ചേർത്ത് ആകെ 16,11,01,063/- (പതിനാറ് കോടി പതിനൊന്ന് ലക്ഷത്തി ഒന്നായിരത്തി അറുപത്തി മൂന്ന് രൂപ മാത്രം) രൂപയുടെ ഇൻവോയ്സുകൾ തുക അനുവദിക്കുന്നതിലേക്കായി കെ.ബി.പി.എസ് മാനേജിംഗ് ഡയറക്ടർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കുകയും പ്രസ്തുത ഇൻവോയ്സുകൾ പരിശോധിച്ച് സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് 15,95,08,579/- (പതിനഞ്ച് കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷത്തി എട്ടായിരത്തി അഞ്ഞൂറ്റി എഴുപത്തി ഒമ്പത് രൂപ മാത്രം) രൂപ അനുവദനീയമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടി തുകയിൽ നിന്നും 9,23,59,237/- (ഒൻപത് കോടി ഇരുപത്തി മൂന്ന് ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി ഇരുനൂറ്റി മുപ്പത്തിയേഴ് രൂപ മാത്രം) രൂപ അനുവദിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി പരാമർശം (2) പ്രകാരം

ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

(3) ഈ സാഹചര്യത്തിൽ 2022-2023 അദ്ധ്യയന വർഷത്തെ അച്ചടിക്കൂലിയിനത്തിൽ കെ.ബി.പി.എസ് - ന് ബാക്കി നൽകാനുള്ള തുകയായ 6,71,49,342/- (ആറ് കോടി എഴുപത്തിയൊന്ന് ലക്ഷത്തി നാല്പത്തി ഒൻപതിനായിരത്തി മുന്നൂറ്റി നാല്പത്തിരണ്ട് രൂപ മാത്രം , ie ; 159508579 - 92359237 = 67149342/-) രൂപ ഈ സാമ്പത്തികവർഷം " 2202-02-106-99-00-34-03 NV " എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

(4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2022 - 23 അദ്ധ്യയനവർഷത്തെ പാഠപുസ്തക അച്ചടിക്കൂലിയിനത്തിൽ കെ.ബി.പി.എസ് - ന് ബാക്കി നൽകാനുള്ള തുകയായ 6,71,49,342/- രൂപയിൽ നിന്നും 4,62,46,113/- (നാല് കോടി അറുപത്തിരണ്ട് ലക്ഷത്തി നാല്പത്തിയാറായിരത്തി ഒരുനൂറ്റിപ്പത്തിമൂന്ന് രൂപ മാത്രം) രൂപ , നടപ്പ് സാമ്പത്തിക വർഷം " 2202-02-106-99-00-34-03 NV " എന്ന ശീർഷകത്തിൽ നിന്നും കെ.ബി.പി.എസ് - ന് അനുവദിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

(1) പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
(2) അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ), കേരളം, തിരുവനന്തപുരം, ,
(3) മാനേജിംഗ് ഡയറക്ടർ, കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി , കാക്കനാട്, കൊച്ചി
(4) ഡയറക്ടർ, അച്ചടി വകുപ്പ് , തിരുവനന്തപുരം,
(5) സ്റ്റേഷനറി കൺട്രോളർ, വികാസ് ഭവൻ, തിരുവനന്തപുരം
(6) പാഠപുസ്തക ഓഫീസർ, പത്മവിലാസം റോഡ്, തിരുവനന്തപുരം
(7) ധനകാര്യവകുപ്പ് (28.01.2026 - ലെ അനൗദ്യോഗികക്കുറിപ്പ് നമ്പർ. E 2739508/EDN - B3/41/2024 - FIN പ്രകാരം)
(8) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
(9) ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ, ഐ & പി.ആർ ഡി
(10) കരുതൽ ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
J Vijayanath
Date: 13-02-2026 11:19:12
സെക്ഷൻ ഓഫീസർ